സർവ്വകലാശാലകൾക്ക് നാക്-ന്റെ അംഗീകാരം

16 (*106) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ (നാക്) അംഗീകാരം ലഭിക്കുന്നതിനുവേണ്ട യോഗ്യതകൾ നേടിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അക്രെഡിറ്റേഷൻ ലഭിക്കാതിരിക്കുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് എന്തൊക്കെ നഷ്ടങ്ങൾ സംഭവിക്കുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ സർവ്വകലാശാലകളെയും നാക് അംഗീകാരം ലഭിക്കാൻ അർഹതയുള്ള നിലവാരത്തിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഉണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് നാക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

മറ്റ് സർവ്വകലാശാലകൾക്ക് റീ-അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യു.ജി.സി. ധനസഹായം, റൂസ പദ്ധതി/മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവ നഷ്ടമാവാകുവാൻ സാദ്ധ്യതയുണ്ട്.

(സി) സർവ്വകലാശാലാ തലത്തിൽ സത്വര നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ നടപടികൾ

17(*107) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; കേന്ദ്രം ഇതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly